"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം- പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ ഗ്രേഡ് IV ശ്രീ.ദീപു.ജെ.സെബാസ്റ്റ്യന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1216/2026/LSGD തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-

1. സർക്കുലർ നം. 36/94/ധന, തീയതി 14.06.1994.
2. വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2016 ലെ എ3-4324/2016 നമ്പർ നടപടിക്രമം.
3. വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.12.2016 ലെ എ3-11474/2016 നമ്പർ നടപടിക്രമം.
4. സ.ഉ.(പി) നം.112/2017/ധന, തീയതി 24.08.2017.
5. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.06.2020 ലെ എ.വി.എസ്/2189/2017 നമ്പർ നടപടിക്രമം.
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.10.2023 ലെ LSGD/PD/53840/2023-VIGD1 . 21.02.2025 ലെ LSGD/PD/8003/2024-DEF4, 09.03.2026 ലെ LSGD/PD!18840/2025-DEE3 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ ഗ്രേഡ് IV ശ്രീ.ദീപു.ജെ.സെബാസ്റ്റ്യന് 11.04.2016 മുതൽ 09.01.2019 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.ദീപു ജെ. സെബാസ്റ്റ്യൻ 11.04.2016 മുതൽ 09.01.2019 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവിൽ രാജ്യത്തിനകത്തോ പുറത്തോ മറ്റ് ജോലികളിൽ ഏർപ്പെടുകയോ വിദേശത്ത് പോകുകയോ ചെയ്തിട്ടില്ല, ടിയാൻ നാളിതുവരെ പാസ്പോർട്ട് എടുത്തിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ടിയാൾക്ക് 11.04.2016 മുതൽ 08.08.2016 വരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അനുവദിച്ച 120 ദിവസത്തെ ശൂന്യവേതനാവധി പരാമർശം (3) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. അനധികൃത ഹാജരില്ലായ്മയിൻമേൽ അച്ചടക്ക നടപടി സ്വീകരിച്ച് പരാമർശം (5) പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി

ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ ഗ്രേഡ് IV ശ്രീ.ദീപു.ജെ.സെബാസ്റ്റ്യന് 11.04.2016 മുതൽ 09.01.2019 വരെയുള്ള ഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(സേവന പുസ്തകം സഹിതം).
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,പാലക്കാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ശ്രീ.ദീപു.ജെ.സെബാസ്റ്റ്യൻ , ലൈബ്രേറിയൻ ഗ്രേഡ് IV, വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ധന വകുപ്പ് (20.06.2026ലെ ഡെവ-1/75/2025/ധന നമ്പർ കുറിപ്പ് പ്രകാരം).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(23/ഇപിഎ2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 02-07-2026 14:49:04